# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2914 22.02.2016- ലെ മറുപടി

**നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ പ്രമോഷൻ**

ചോദ്യം | ഉത്തരം

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*

| | | |
|---|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലേക്കും, അസിസ്റ്റന്റ് തസ്തികയിലേക്കും പ്രമോഷൻ നൽകിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഒരു പരാതി 2016 ജനുവരിയിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ അന്വേഷണം നടത്തി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക-റൂട്ട്സിൽ എത്ര ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്; പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, പ്രമോഷൻ ലഭിച്ച തസ്തിക ഇവ വിശദമാക്കാമോ; | (ബി) | 8 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീമതി.ജെൻസി ജോയ്സി, ശ്രീമതി ലാലി രാമകൃഷ്ണൻ എന്നീ ജൂനിയർ എക്സിക്യൂട്ടീവുകൾക്ക് സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലും, ശ്രീമതി. ശ്യാമള കുമാരി. എസ്സ്, ശ്രീ. അനിൽ കുമാർ , ശ്രീ. മുഹമ്മദ് കബീർ എന്നീ അറ്റന്റർമാരെയും ഡ്രൈവറായിരുന്ന ശ്രീ. എം.ജയകുമാറിനെയും തസ്തികമാറ്റം വഴി അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്. കൂടാതെ ഫുൾടൈം സ്വീപ്പറായിരുന്ന ശ്രീമതി. രാധമ്മാളിനെയും ശ്രീമതി. ലതയെയും 28.06.2012 ൽ നടന്ന 37-ാം മത് ബോർഡ് യോഗത്തിലെ 12-ാം നമ്പർ തീരുമാന പ്രകാരം സ്വീപ്പർ തസ്തികയിൽ നിന്നും അറ്റന്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ജീവനക്കാർക്ക് പ്രമോഷൻ നൽകിയത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;<br>(ഡി) പ്രമോഷനിൽ ഗവൺമെന്റ് കമ്പനി/പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചുവോ; പ്രമോഷന് സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കാമോ; | (സി) യും (ഡി) യും | നോർക്ക- റൂട്ട്സ് ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനിലെ ആർട്ടികിൾ 34(സി) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ 24.09.11- ൽ കൂടിയ 34-ാം യോഗത്തിലെ 18-ാം നമ്പർ തീരുമാന പ്രകാരം നോർക്ക റൂട്ട്സ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 6 (2) പ്രകാരം രൂപീകരിച്ച നോർക്ക റൂട്ട്സ് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മറ്റിയുടെ തീരുമാനത്തിന്റെയും, 42-ാം മത് ബോർഡ് യോഗത്തിലെ അജണ്ട നമ്പർ 35(1) ലെ ഭാഗത്തെ തീരുമാന പ്രകാരമുള്ള ശുപാർശയുടെയും, 27.06.2014 ലെ 3809/ ബി2/ |

| | | |
|---|---|---|
| | | 2014/ നോർക്ക നമ്പർ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിലാണ് യഥാക്രമം സീനിയർ എക്സിക്യൂട്ടീവ്, അറ്റന്റർമാരായി പ്രൊമോഷൻ നൽകുകയും അസിസ്റ്റന്റ്മാരായി ബൈട്രാൻസ്ഫർ നിയമനം നൽകുകയും ചെയ്തിട്ടുള്ളത്. |
| (ഇ) നോർക്ക-റൂട്ട്സിൽ ജൂനിയർ എക്സിക്യൂട്ടീവ്, അസിസ്റ്റന്റ്, സീനിയർ എക്സിക്യൂട്ടീവ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ജൂനിയർ എക്സിക്യൂട്ടീവ്- അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, എംസ്സ്.വേഡ്, എക്സൽ എന്നിവയിലുള്ള അറിവും<br>സീനിയർ എക്സിക്യൂട്ടീവ്-നേരിട്ടുള്ള നിയമനത്തിന് ഡിഗ്രിയും, എം.ബി.എ യോഗ്യതയും. പ്രൊമോഷന് - ജൂനിയർ എക്സിക്യൂട്ടീവായുള്ള 5 വർഷത്തെ സേവനം<br>അസിസ്റ്റന്റ് - സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ